## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1544

03-10-2011-ൽ മറുപടിയ്ക്ക്

### ഓഷ്യനേറിയം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) പുതുവൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ ; | എ) ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 480 കോടി രൂപയാണ്. ഇതിൽ 130 കോടി രൂപ മറൈൻ പാർക്കിനു വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു. ബാക്കി 350 കോടി തുകയുടെ 26% കേരള സർക്കാർ വിഹിതവും (ഭൂമിയുടെ വില ഉൾപ്പെടെ) 74% സ്വകാര്യ സംരംഭകരിൽ നിന്നും പ്രതീക്ഷിക്കുന്നു. |
| ബി) ഇതിന്റെ നടത്തിപ്പിനായി രൂപീകരിച്ച കമ്പനിയുടെ ഘടന വ്യക്തമാക്കുമോ; ഇതിന്റെ ഡയറക്ടർ ബോർഡംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കുമോ; | ബി) പബ്ലിക് പ്രൈവറ്റ് പങ്കാളിത്തത്തോടു കൂടിയുള്ള ഒരു കമ്പനിയാണ് ഇത്. ഇതിൽ സർക്കാർ പങ്കാളിത്തം 26% ആയിരിക്കും. കമ്പനിക്ക് 12 ഡയറക്ടർമാരാണ് ഉള്ളത്. അതിൽ 50% ഡയറക്ടർമാരെ സർക്കാരാണ് നിയമിക്കുന്നത്. കമ്പനിയുടെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ ഫിഷറീസ് വകുപ്പ് മന്ത്രിയുമാണ്. കൂടാതെ സ്ഥലം എം.എൽ.എ., ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ എന്നിവരെയാണ് സർക്കാർ നിയമിക്കുന്നത് ശേഷിക്കുന്ന 50% സ്വകാര്യ സംരംഭകരിൽ നിന്നും നിയമിക്കുന്നു. |
| സി) ഓഷ്യനേറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | സി) സ്വകാര്യ പങ്കാളിത്തത്തിനുള്ള ആഗോള ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്. അവയുടെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

---